തുറമുഖങ്ങളുടെ അഴിമുഖത്ത് ഡ്രഡ്ജിംഗ് ഫലപ്രദമാക്കാൻ നടപടി

161 [2288] ശ്രീ. വി. കെ. സി. മമ്മത്കോയ:

,, എം. വി. ഗോവിന്ദൻമാസ്റ്റർ:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ അഴിമുഖത്ത് യഥാസമയം ഡ്രഡ്ജിംഗ് നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ ഫലപ്രദമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

ബി) മാപ്പിളബേ തുറമുഖത്ത് ഡ്രഡ്ജിംഗ് നടത്താത്തതുമൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ തുറമുഖത്ത് ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) നീണ്ടകര ഡ്രഡ്ജർ കണ്ണൂർ മാപ്പിളബേ തുറമുഖത്തുകൂടി ഡ്രഡ്ജിംഗ് നടത്തുന്നതിന് ഉപയോഗിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(എഫ്) സമയബന്ധിതമായി ഡ്രഡ്ജിംഗ് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) മാപ്പിളബേ മത്സ്യബന്ധന തുറമുഖത്ത് 2003 വർഷത്തിൽ 35000 ഘനമീറ്റർ മണ്ണും, 2004 വർഷത്തിൽ 15000 ഘനമീറ്റർ മണ്ണും, ഹാർബറിൽനിന്നും മാറ്റിയിട്ടുണ്ട്. കൂടാതെ സിന്ധുരാജ് എന്ന മണ്ണുമാന്തി കപ്പൽ ഉപയോഗിച്ച് ടി തുറമുഖത്തെ പ്രവേശന കവാടത്തിന് പുറത്തായി 23843 ഘന മീറ്റർ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്.

(ഇ) നീണ്ടകര ഡ്രഡ്ജർ ഉപയോഗിച്ച് മാപ്പിളേബേ തുറമുഖത്ത് ഡ്രഡ്ജിംഗ് നടത്തുന്ന കാര്യം പരിശോധനയിലുണ്ട്.

(എഫ്) നടപടികൾ നടന്നുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly